# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നമ്പർ: 5055 — 28.10.2016-ൽ മറുപടിയ്ക്ക്

### തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പുന:സംഘടന

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ടി.എ.അഹമ്മദ് കബീർ | | ഡോ.കെ.റ്റി.ജലീൽ (തദ്ദേശസ്വയം ഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
| എ) | തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പുന:സംഘടന സർക്കാർ ആലോചിക്കുന്നുണ്ടോ; | എ) | 2015-ൽ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിലേക്ക് നടന്ന തെരഞ്ഞെടുപ്പിന് മുന്നോടിയായി തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിലേക്കുള്ള പുന:സംഘടന പൂർത്തീകരിച്ചതിനാൽ ഇപ്പോൾ പുന:സംഘടന പരിഗണനയിലില്ല. |
| (ബി) | അർബൻ ലോക്കൽ ബോഡികൾ രൂപീകരിച്ചതിന്റെ ഭാഗമായി, കേരളത്തിലെ പഞ്ചായത്തുകളുടെ എണ്ണം ഗണ്യമായി കുറഞ്ഞതിനാൽ, ആനുപാതികമായി പഞ്ചായത്തുകളുടെ എണ്ണം കൂട്ടുവാൻ സർക്കാർ ആലോചിക്കുന്നുണ്ടോ; | (ബി) | ഇപ്പോൾ പരിഗണനയിലില്ല. |
| (സി) | പൊതുവായി തദ്ദേശഭരണ സ്ഥാപനങ്ങളുടെ പുന:സംഘടന ചെയ്യുന്നതിന് എന്തെല്ലാം മാനദണ്ഡങ്ങൾ ആണ് സർക്കാർ സ്വീകരിക്കുന്നത്; വിശദമാക്കാമോ? | (സി) | തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ രൂപീകരണവും പുന:സംഘടനയുമായി ബന്ധപ്പെട്ട് പുതിയ മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നതിന് നിർദ്ദേശങ്ങൾ നൽകികൊണ്ട് സർക്കാർ 27.11.2014-ലെ സ.ഉ.(സാധാ) നം. 3113/2014/തസ്വഭവ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതു പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ വിഭജനം പരിഗണിക്കുമ്പോൾ ജനസംഖ്യ, ഭൂവിസ്തൃതി, പ്രദേശത്തിന്റെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ, ജനങ്ങൾക്ക് മെച്ചപ്പെട്ട സർവ്വീസ് ഡെലിവറി സൗകര്യം, തനതു വരുമാനം എന്നീ ഘടകങ്ങളാണ് പ്രധാനമായും പരിഗണിക്കുന്നത്. |

| | | | |
|---|---|---|---|
| | | | കേരള മുനിസിപ്പാലിറ്റി ആക്റ്റ് 4(2) പ്രകാരം ഗ്രാമപഞ്ചായത്തുകളെ നഗരസഭകളായും മുനിസിപ്പൽ കൗൺസിലുകളെ മുനിസിപ്പൽ കോർപ്പറേഷനുകളായും സർക്കാരിന് പരിവർത്തനപ്പെടുത്താവുന്നതാണ്. ഗ്രാമപഞ്ചായത്തുകളെ നഗരസഭകളായി പരിവർത്തനം ചെയ്യുന്നതിന് പ്രധാന മാനദണ്ഡങ്ങളായി സാധാരണ നിലയിൽ പരിഗണിക്കുന്നത് ആ പ്രദേശത്തെ ജനസംഖ്യ, ജനസാന്ദ്രത, വരുമാനം, കാർഷികേതര പ്രവർത്തികളിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികളുടെ നിരക്ക് എന്നിവയാണ് കൂടാതെ ഒരു പ്രദേശത്തെ വികസന സാദ്ധ്യതകൾ, പുതിയ തുറമുഖം, റയിൽവേ, എയർപോർട്ട് എന്നീ പദ്ധതികൾ, ഇൻഡസ്ട്രിയൽ ഏരിയ ഐ.ടി. ഹബ് തുടങ്ങിയവ, താലൂക്ക് ഹെഡ്ക്വർട്ടേഴ്സ്, നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങൾ, നിലവിലുള്ളതും ഭാവിയിൽ പ്രതീക്ഷിക്കാവുന്നതുമായ വരുമാന സ്രോതസ്സുകൾ, സാറ്റലൈറ്റ് ടൗണായി വികസിപ്പാക്കാനുള്ള സാദ്ധ്യതയുള്ള പ്രദേശം, ശാസ്ത്രീയമായ വികസന സാദ്ധ്യതകൾ, ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സർവകലാശാലകൾ എന്നിവയുടെ സാന്നിദ്ധ്യം, പ്രദേശങ്ങൾ തമ്മിലുള്ള കണക്ടിവിറ്റി, നഗരത്തിൽ നിന്നും നേരിട്ടല്ലാതെ കിടക്കുന്ന പ്രദേശങ്ങൾ, നഗരസഭയാക്കി മാറ്റിയാൽ കേന്ദ്രസർക്കാരിൽ നിന്നും എ.ഡി.ബി പോലുള്ള ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ധനസഹായം കിട്ടുന്നതിനുള്ള സാദ്ധ്യതകൾ, എന്നിവ കൂടി ഇതിനുള്ള മാനദണ്ഡങ്ങളായി കണക്കാക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ